## പതിനാലാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6027

04 .11.2016-ൽ
മറുപടിയ്ക്ക്

## കാസർഗോഡ് താലൂക്ക് ഓഫീസിലെ തീർപ്പാക്കാനുള്ള ഫയലുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) കാസർഗോഡ് താലൂക്ക് ഓഫീസിലെ വിവിധ സെക്ഷനുകളിൽ തീർപ്പാക്കാതെ കിടക്കുന്ന എത്ര ഫയലുകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കാസർഗോഡ് താലൂക്ക് ഓഫീസിലെ വിവിധ സെക്ഷനുകളിൽ തീർപ്പാക്കാതെ കിടക്കുന്ന 7138 ഫയലുകൾ ഉണ്ട്. |
| (ബി) പ്രസ്തുത ഫയലുകൾ ഏതെല്ലാം സെക്ഷനുകളിലാണ് ഉള്ളതെന്നും ഏതൊക്കെ വിഷയവുമായി ബന്ധപ്പെട്ടതാണെന്നും എത്ര കാലമായി തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്നും വ്യക്താമാക്കാമോ; | (ബി) എൽ. ഡി. എഫ് ജി. എച്ച്. ജെ. കെ. എന്നീ സെക്ഷനുകളിലാണ് പ്രസ്തുത ഫയലുകൾ ഉള്ളത്. എൽ. സി, റീസർവ്വെ, മിച്ച ഭൂമി , ബിൽഡിംഗ് ടാക്സ്, അപ്പീൽ കേസ്സുകൾ, ലാൻഡ് അസൈൻമെന്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, ഫോറസ്റ്റ് തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് 2014 മുതൽ 2016 ഒക്ടോബർ 31 വരെയുള്ള ഫയലുകളാണ് തീർപ്പാവാതെ കിടക്കുന്നത്. |
| (സി)ഫയലുകൾ തീർപ്പാകാതെ കിടക്കുന്നതിന്റെ കാരണം എന്താണ്; കാലവിളംബത്തിന്റെ കാരണം ബന്ധപ്പെട്ട അപേക്ഷകരെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) നിയമാനുസൃതമായ നടപടിക്രമം പാലിക്കേണ്ടതുകൊണ്ടാണ് ഫയലുകൾ തീർപ്പാകാതെ കിടക്കുന്നത്. തീർപ്പാക്കുന്ന കാര്യങ്ങൾ അപേക്ഷകരെ അറിയിക്കാറുണ്ട്. |
| (ഡി) തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ തീരുമാനം സാധ്യമാണെങ്കിൽ നടപടികൾ ത്വരിതപ്പെടുത്തുമോ; | (ഡി) തീർപ്പാകാതെ കിടക്കുന്ന ഫയലുകളിൽ ഫയൽ വർക്ക് ഷോപ്പ് നടത്തി ഫയലുകൾ പരമാവധി തീർപ്പ് കൽപ്പിക്കുന്നതിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) തീരുമാനം സാധ്യമല്ലാത്ത ഫയലുകളിൽ നടപടികൾ അവസാനിപ്പിക്കാൻ നിർദ്ദേശം നൽകുമോ; | (ഇ) കാസർഗോഡ് താലൂക്കിൽ തീരുമാനം സാദ്ധ്യമല്ലാത്ത ഫയലുകൾ ഇല്ല. |
| (എഫ്) തീരുമാനം എടുക്കാതെ ഫയലുകൾ താമസിപ്പിച്ചതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ സേവനവകാശ നിയമമനുസരിച്ചു നടപടികൾ സ്വീകരിക്കുമോ? | (എഫ്) സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ വൈകിപ്പിക്കുകയാണെങ്കിൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ